
marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Constitution of the Ancient Church in India, Known as the "Chaldean Syrians, "Under the Patriarchal throne of Marian Mar Simeon, the Holy and Apostolic catholica of the East




AUDIO BOOK

VIDEO BOOK

PDF DOWNLOAD

| | |
|---|---|
| Call Number | RR-896/WM |
| Title | Constitution of the Ancient Church in India, Known as the "Chaldean Syrians, "Under the Patriarchal throne of Marian Mar Simeon, the Holy and Apostolic Catholica of the East<br>കിഴക്കിന്റെ പരിശുദ്ധവും ശ്ലീഹായിക്കടുത്തതും കാഥോലിക്കയുമായ മാറൻ മാർ ശിംഓൻ കാഥോലിക്കാ പാത്രയാർക്കാ സിംഹാസനത്തിൻ കീഴിൽ ഇന്ത്യയിലെ " കൽദായ സുറിയാനിക്കാർ " എന്നറിയപ്പെടുന്ന പൂർവ്വീക സഭയുടെ ഭരണക്രമം |
| Topic | |
| Author | |
| Publisher/Year | 1953 |
| Printed at | Mar Narsai Press, Thrichur |
| Language | Malayalam |
| Copyright | |
| Contributor | Ann Lia Wilson |
| Key Words | Baranakramam, Chaldean Syrian Church, Mar Narsai Press, Maran Mar Simeon, Church of the East in Malabar |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

കിഴക്കിന്റെ പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതും കാതോ
ലിക്കയുമായ മാറൻ മാർ ശിംഓൻ കാതോലിക്കാ
പാത്രയാക്കാ സിംഹാസനത്തിൻ കീഴിൽ
ഇന്ത്യയിലെ "കൽദായ സുറിയാനിക്കാർ"
എന്നറിയപ്പെടുന്ന പൂർവ്വികസഭയുടെ

# ഭരണക്രമം.

MAR NARSAI PRESS,
TRICHUR.

1953.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

*The Most Rev. Mar Thoma Darmo,*
*Metropolitan of Malabar and India,*
CHURCH OF THE EAST.

CAMP: COONOOR.

9—6—1953

*No. 92.*

Our beloved Children in Christ, the clergy and the laity, of the Church of the East, Trichur.

Prayers and blessings in our Lord Jesus Christ receive.

We want to let you know, that after our arrival in this country as your Metropolitan, we saw and realised that our people, in general, here have no sufficent knowledge of the canons of our Church. This led us to various confusions. So we found it an urgent necessity that this evil should be removed immediately.

If we go by the Sunhados rules, they are all in Aramaic language, and there are no people in our community to translate them into Malayalam that our people may know them;

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



and without rules, for a community to exist is impossible.

Therefore we thought it best to consult our people about this and a general meeting was held on 30th Nov. 1952.

The said meeting elected a committee of 40 members authorising them to frame a constitution for the benefit and peace of our community. They were to submit the framed constitution to us. They have now submitted it to us, and we approve it, and make it a guide for our government for the time being i. e. till we be able to translate the Suuhados rules into Malayalam.

May the Grace of Maran Esho Mshikha, love of Alaha Awa and the Communion of Rukha d'Qudsha be with all of you. Amen.

Mar Thoma Darmo,
by Grace of God,
Metropolitan of the Church of the East
in Malabar and India.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

✠

കേമ്പ്: കുന്നൂർ,
9—6—1953.

# തൃശ്ശിവപേരൂർ പൂൎവ്വികസഭയിലെ വൈദികർ അത്മേനികൾ എന്നിങ്ങനെ മ്ശീഹായിൽ നമ്മുടെ വാത്സല്യമക്കൾ.

നമ്മുടെ കൎത്താവീശോമ്ശീഹായിൽ പ്രാൎത്ഥനകളും അനുഗ്രഹങ്ങളും കൈക്കൊൾവിൻ.

നാം നിങ്ങളെ അറിയിക്കുന്നതെന്തെന്നാൽ:—

നിങ്ങളുടെ മെത്രാപ്പോലിത്ത എന്ന നിലയിൽ നാം ഈ നാട്ടിൽ ആഗതനായതിന്നുശേഷം ഇവിടുത്തെ നമ്മുടെ ജനങ്ങൾ പൊതുവിൽ, നമ്മുടെ സഭയുടെ കാനോൻ നിയമങ്ങളിൽ മതിയായ പരിജ്ഞാനമില്ലാത്തവരാണെന്നു നമുക്കു കാണപ്പെടുകയും അനുഭവപ്പെടുകയും ചെയ്തു. ഇതു നമ്മെ അനേകം കുഴപ്പങ്ങളിലേക്കു നയിച്ചുകൊണ്ടിരുന്നു. ആകയാൽ ഈ ദോഷത്തെ ഉടനടി പരിഹരിക്കേണ്ടതു അവശ്യം ആവശ്യമാണെന്നു നമുക്കു ബോദ്ധ്യപ്പെട്ടു.

നാം സുൻഹാദോസ് നിയമങ്ങൾക്കു അനുസാരമായി വൎത്തിക്കുന്നുവെങ്കിൽ അവ മുഴുവനും ആറാമായ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. തന്നെയല്ല നമ്മുടെ ജനങ്ങൾക്കു അവയെ മനസ്സിലാകത്തക്കനിലയിൽ അവയെ മലയാളത്തിലേക്കു തൎജ്ജിമ ചെയ്യുന്നതിന്നു നമ്മുടെ സമുദായത്തിൽ ആരും ഇല്ലതാനും. നിയമങ്ങൾ കൂടാതെ ഒരു സമുദായമുണ്ടാകുകയെന്നതു അസാദ്ധ്യവുമാണല്ലോ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ആകയാൽ ഇക്കാൎയ്യത്തിൽ നമ്മുടെ ജനങ്ങളുമായി ഒരു ആലോചന നടത്തുന്നതു ഉത്തമമായിരിക്കും എന്നു നമുക്കു തോന്നുകയും 1952 നവമ്പർ 30-ാംനു- ഒരു പൊതു യോഗം കൂട്ടുകയും ചെയ്തു.

പ്രസ്തുതയോഗം 40 പേരടങ്ങിയ ഒരു കമ്മററി രൂപീകരിക്കയും, നമ്മുടെ സമുദായത്തിൻെറ നന്മയ്ക്കും സമാധാനത്തിനുമായി ഒരു ഭരണംഘടന ക്രോഢീകരിക്കുന്നതിനു അവരെ അധികാരപ്പെടുത്തുകയുമുണ്ടായി. ഇങ്ങനെ ക്രോഢീകരിക്കപ്പെട്ട ഭരണക്രമം അവർ നമുക്കു സമൎപ്പിക്കേണമെന്നുണ്ടായിരുന്നു. ഇപ്പോൾ അവർ അതു നമുക്കു സമൎപ്പിച്ചിട്ടുണ്ടു്. നാം അതിനെ അംഗീകരിക്കയും, സുൻഹദോസ്സ് നിയമങ്ങൾ മലയാളത്തിലേക്കു വിവൎത്തനം ചെയ്യാൻ നമുക്കു സാധിക്കുന്നതുവരേയും നമ്മുടെ ഭരണത്തിനു ഒരു താല്ക്കാലിക മാൎഗ്ഗനിർദ്ദേശികയായി അതിനെ സ്വീകരിക്കയും ചെയ്തുകൊള്ളുന്നു.

നമ്മുടെ കൎത്താവീശോമ്ശീഹായുടെ കൃപയും, പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻ സംസൎഗ്ഗവും നിങ്ങളോടെല്ലാവരോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. ആമീൻ.

ദൈവകൃപയാൽ
മലയാളത്തിലും ഇന്ത്യായിലുമുള്ള
കിഴക്കിൻെറ സഭയുടെ
മാർ തോമ ദർമ്മൊ മെത്രാപ്പോലിത്ത.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കിഴക്കിന്റെ പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതും കാതോലിക്കയുമായ മാറൻ മാർ ശിംഓൻ കാതോലിക്കാ പാത്രിയാക്കാ സിംഹാസനത്തിൻ കീഴിൽ ഇന്ത്യയിലെ "കൽദായ സുറിയാനിക്കാർ" എന്നറിയപ്പെടുന്ന പൂർവ്വികസഭയുടെ

# ഭരണക്രമം.

---

## സഭ

1. കിഴക്കിന്റെ പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതും കാതോലിക്കയുമായ മാറൻ മാർ ശിംഓൻ കാതോലിക്കാ പാത്രിയക്കാ സിംഹാസനത്തിന്റെ സർവ്വാധിപത്യത്തിലും, വിശ്വാസാചാരങ്ങളിലും, അവിടന്ന് അതാതു കാലം നിയമിക്കുന്ന ഇന്ത്യയിലെ മെത്രാപ്പോലീത്തമാരുടെ ആജ്ഞാനുസരണത്തിലും, ഈ നിയമങ്ങൾക്ക് വിധേയരായും ജീവിക്കുന്ന ക്രിസ്തീയ ജനവിഭാഗത്തെയാണ് 'സഭ' എന്നപദം കൊണ്ട് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്.

2. സഭയെ പല ഇടവകകളായി തിരിച്ചിട്ടുള്ളതും, ഇടവകകളുടെ പരിധി നിശ്ചയിക്കുന്ന ഒരു പട്ടിക ഇതിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ളതുമാകുന്നു.

3. സഭയുടെ കാര്യ്യക്ഷമമായ ഉൾഭരണക്രമീകരണത്തിനു ഒരു സഭായോഗവും ഇടവകയോഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

4. സഭയുടെ നിലനില്പിന്നു ഒരു സിമ്മിനാരി ആവശ്യമായിട്ടുള്ളതും ആയതിന്റെ ഭരണാധികാരം സഭാമേലദ്ധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. അതിന്നാവ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ശ്യമായ ചിലവുകൾ സഭയുടെ വരുമാനങ്ങളിൽനിന്നും, സംഭാവനകളും മററും പിരിച്ചെടുത്തും നടത്തേണ്ടതാണു്.

5. a "സഭാമേലദ്ധ്യക്ഷൻ" എന്ന പദത്തിനു പാത്രിയക്കാ സിംഹാസനത്തിൽനിന്നു ഇന്ത്യയിലെ സഭയുടെ മേലദ്ധ്യക്ഷനായി നിയമിക്കുന്നവരോ, അവിടത്തെ അംഗീകാരം സിദ്ധിച്ച അഡ്മിനിസ്റ്റേറററോ എന്നർത്ഥമാകുന്നു.

b 'ട്രസ്റ്റിമാർ' എന്ന പദത്തിനു 26 A, 26 B എന്ന വകുപ്പുകൾപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാർ എന്നർത്ഥമാകുന്നു.

c "കൈക്കാരന്മാർ" എന്നതിനു 8-ാംവകുപ്പുപ്രകാരം തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാർ എന്നർത്ഥമാകുന്നു.

d "കൊല്ലം" എന്നതിനു ക്രിസ്തുവർഷം എന്നർത്ഥമാകുന്നു.

e 'വികാരി' എന്നതിനു സഭാമേലദ്ധ്യക്ഷനാൽ ഇടവക വികാരിയായി നിയമിക്കപ്പെടുന്ന കശീശ പദവിയിലുള്ള വൈദികൻ എന്നർത്ഥമാകുന്നു.

## ഇടവക

6. ഓരോ ഇടവകക്കും ഒരു വികാരിയും, ഒന്നോ, അധികമോ സഹായവൈദികരും രണ്ടു കൈക്കാരന്മാരും, ഒരു ഇടവകയോഗവും ഉണ്ടായിരിക്കുന്നതാണു്.

7. സഭാമേലദ്ധ്യക്ഷന്റെ നിയന്ത്രണത്തിൽ വിശുദ്ധ കുർബ്ബാന മുതലായ ശുശ്രൂഷകൾ നടത്തേണ്ടതും, ഇടവക റജിസ്റ്റ്, മാമോദീസാ, വിവാഹം, മരണം, എന്നിവകളുടെ റജിസ്റ്റുകൾ അപ്പപ്പോൾ എഴുതി സൂക്ഷിക്കേണ്ടതും, ഇടവകയോഗങ്ങൾ കൂടുന്നതിനു യഥാസമയം പള്ളികളിൽ വിളിച്ചുപറയേണ്ടതും യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതും വികാരിയുടെ ചുമതലയിൽ പെട്ടതാകുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



8. ഓരോ ഇടവകയും അതാതു യോഗങ്ങളിൽനിന്നു രണ്ടു കൈക്കാരന്മാർ വീതം തിരഞ്ഞെടുക്കേണ്ടതാകുന്നു. തിരഞ്ഞെടുപ്പുഫലം സഭാമേലദ്ധ്യക്ഷനെ അറിയിച്ച് അംഗീകാരം ലഭിച്ചതിനുശേഷം പുതിയ കൈക്കാരന്മാർക്ക് ഉദ്യോഗത്തിൽ പ്രവേശിക്കാവുന്നതാണ്. എന്നാൽ തിരഞ്ഞെടുപ്പുവിവരം സഭാമേലദ്ധ്യക്ഷനെ അറിയിച്ച് രണ്ടാഴ്ചക്കകം വിസമ്മതം രേഖപ്പെടുത്താത്ത പക്ഷം അംഗീകരണം സിദ്ധിച്ച നിലയിൽ ഉദ്യോഗത്തിൽ പ്രവേശിക്കാവുന്നതാണ്.

9. ഇരുപത്തിഒന്നു വയസ്സ് തികഞ്ഞ എല്ലാ പുരുഷന്മാരും കൊല്ലംതോറും ഡിസംബർ 31-ാംനു-ക്ക് മുമ്പായി 0—4—7 (നാലണ ഏഴുപൈസ) വീതം വാർഷികവരിസംഖ്യ അടക്കേണ്ടതാകുന്നു.

10. a കൈക്കാരന്മാരുടെ ഉദ്യോഗകാലാവുധി ഒരു കൊല്ലമാകുന്നു. എന്നാൽ കൈക്കാരന്റെ യോഗാംഗത്വം ഏതെങ്കിലും കാരണവശാൽ നഷ്ടപ്പെടുന്നതായാൽ കൈസ്ഥാനവും നഷ്ടപ്പെടുന്നതാണ്.

b യോഗനിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കൈക്കാരന്മാർ വികാരിയോടുകൂടി ഇടവകകാര്യങ്ങൾ നടത്തേണ്ടതും, മുതലുകൾ കൈകാര്യം ചെയ്യേണ്ടതുമാകുന്നു. ഭൂരിപക്ഷാഭിപ്രായമനുസരിച്ചു കാര്യങ്ങൾ നടത്തേണ്ടതും, ഏതൊരു സംഗതിയിലും ഒരാൾക്ക് ഒരു വോട്ടിലധികം ഉണ്ടാകുന്നതല്ലാത്തതുമാണ്.

c ഇടവകയിലെ വരവുചിലവുകൾക്ക് ശരിയായി കണക്കുകൾ വെക്കുന്നതും, ആവശ്യമെന്നു തോന്നുന്ന സിൽബന്ധികളെ നിയമിക്കുന്നതും, നീക്കം ചെയ്യുന്നതും, ആണ്ടു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



തോറും മാർച്ച്മാസം 31-ാംനു-ക്ക് മുമ്പായി അടുത്ത്കഴിഞ്ഞ ഡിസംമ്പർ 31-ാംനു-വരെയുള്ള കാലത്തെ ഭരണറിപ്പോർട്ടും, തിരട്ടും തയ്യാറാക്കി ഇടവക യോഗങ്ങളിൽ സമർപ്പിക്കേണ്ടതും കൈക്കാരന്മാരുടെ ചുമതലയിലും അധികാരത്തിലും പെട്ടതാകുന്നു.

d യോഗത്താൽ അംഗീകരിച്ച തിരട്ടിന്റേയും, റിപ്പോട്ടിന്റേയും ഓരോ നേരുപകർപ്പ്‌ യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം വികാരിയും കൈക്കാരന്മാരും ഒപ്പിട്ട് സഭാമേലദ്ധ്യക്ഷനും ട്രസ്റ്റിമാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

e ഇടവകയുടെ സ്ഥാവരജംഗമസ്ഥത്തുക്കളുടേയും, ഇടവകാംഗങ്ങളുടേയും, ഇടവകയോഗാംഗങ്ങളുടേയും ഓരോ പേരുവിവര റജിസ്റ്റർ വെച്ചുവരേണ്ടതും അപ്പപ്പോൾ ആവശ്യമായ ഭേദഗതികൾ വരുത്തി ആണ്ടുതോറും ഡിസംമ്പർ 31-ാംനു-ക്ക് നാളതുവരെ പുതുക്കി ശരിപ്പെടുത്തി വികാരിയും കൈക്കാരന്മാരും ഒപ്പിട്ട് വെക്കേണ്ടതും, നേരുപകർപ്പ് ട്രസ്റ്റിമാർക്കയച്ചുകൊടുക്കേണ്ടതുമാകുന്നു. ഇടവകയോഗാംഗങ്ങളുടെ നാളതുവരെ പുതുക്കി പേരുവിവരപട്ടിക നോട്ടീസ് ബോർഡിലിടേണ്ടതുമാകുന്നു.

f ഇടവക മുതലുകളെ സംബന്ധിച്ച ആധാരലക്ഷ്യങ്ങൾ ഇടവകക്കുവേണ്ടി കൈക്കാരന്മാരുടെ പേരിൽ എഴുതിവാങ്ങേണ്ടതും, കോടതികളിലും മററു നടവടികളിലും ഇടവകയെ പ്രതിനിധീകരിക്കുന്നതിന്നു കൈക്കാരന്മാർക്ക് അധികാരമുള്ളതുമാകുന്നു.

g ഇടവക മുതലുകൾ കൈമാററം ചെയ്യുന്നതിന്നു സഭാമേലദ്ധ്യക്ഷന്റെ രേഖാമൂലമായ അനുവാദം വാങ്ങേണ്ടതാണ്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



h അയ്മ്പതു ഉറുപ്പികയിലധികമുള്ള എല്ലാ സംഖ്യകളും അപ്പപ്പോൾ ഇടവകപള്ളി പേരിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതും, വികാരിയും കൈക്കാരന്മാരിൽ ഒരാളും ചേൎന്ന് ഒപ്പിട്ട് ബാങ്കിൽനിന്നു സംഖ്യ വാങ്ങാവുന്നതും, വികാരിയും കൈക്കാരന്മാരും കൂടി തീരുമാനിച്ച ശേഷം മാത്രം നിയമാനുസൃതം ചിലവ് ചെയ്യാവുന്നതുമാകുന്നു.

i ഇടവകനടത്തിപ്പിന്നു വികാരിയും കൈക്കാരന്മാരും കൂടി മാസത്തിൽ രണ്ടുതവണയെങ്കിലും യോഗം ചേരേണ്ടതും അവരുടെ തീരുമാനങ്ങൾ ഒരു മിനിററുപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാകുന്നു.

j സ്ഥാനമൊഴിയുന്ന കൈക്കാരന്മാരെ വീണ്ടും തിരഞ്ഞെടുക്കാവുന്നതാണ്. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവൎക്ക് 30 (മുപ്പതു്) വയസ്സ് കഴിഞ്ഞിരിക്കേണ്ടതാണ്. പുതിയ കൈക്കാരന്മാർ ചാർജേററുവാങ്ങുന്നതുവരെ ഒഴിഞ്ഞുപോകുന്ന കൈക്കാരന്മാർ അധികാരത്തിൽ ഇരിക്കുന്നതായിരിക്കും.

## ഇടവകയോഗം

11. a ഇരുപത്തൊന്നു് വയസ്സ് തികഞ്ഞവരും, ആണ്ടിലൊരിക്കലെങ്കിലും വിശുദ്ധ കുർബ്ബാന കൈക്കൊണ്ടിട്ടുള്ളവരും, ഈ നിയമങ്ങളനുസരിച്ചു അംഗത്വം നഷ്ടപ്പെടാത്തവരുമായ എല്ലാ പുരുഷന്മാരും ഇടവകയോഗത്തിൻെറ അംഗങ്ങളാകുന്നു.

b വാൎഷികവരിസംഖ്യ അടക്കാത്തവൎക്കും യോഗറജിസ്ട്രിൽ പേരില്ലാത്തവൎക്കും യോഗങ്ങളിൽ സംബന്ധിക്കുന്നതിന്നോ, വോട്ടുചെയ്യുന്നതിന്നോ അവകാശമില്ലാത്തതാകുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org